# ജാമക്കാരൻ
# JAMAKKARAN


ജാമക്കാരൻ JAMAKKARAN

VOLUME - 9 Reg NO.TNBIL/2016/70171 ISSUE - 5

MAY - 2025 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333




ജാമക്കാരൻ വായനക്കാർക്ക് എന്റെ സ്നേഹ വന്ദനം,

ഓരോ മാസവും ജാമക്കാരൻ മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം.

വായനക്കാർ അറിയേണ്ടത്: ടി.വിയിൽ യൂട്യൂബിൽ വരുന്ന പല ദൈവവേലക്കാരുടേയും സാക്ഷ്യങ്ങൾ വ്യാജമാണ്. അവയെ നിങ്ങൾ വിശ്വസിക്കരുത്. ടി.വിയിൽ വരുന്ന പല തെറ്റായ ഉപദേശങ്ങളും വിശ്വസിച്ച് പലർ വചനത്തിൽ നിന്നും വ്യതിചലിച്ച് ജീവിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഒരിക്കലും വഞ്ചിക്കപ്പെടാതിരിപ്പാൻ ജാഗ്രതയോടിരിപ്പിൻ.

വേദപുസ്തകത്തിൽ അപ്പൊ. 17:10,11ൽ **ബെരോവ** സഭക്കാരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ സഭക്കാരുടെ പ്രത്യേകത വേദവചനത്തെ അങ്ങനെ

# MAY - 2025

തന്നെയോ എന്ന് തിരുവെഴുത്തുകളെ പരിശോധിച്ച് നോക്കുമായിരുന്നു. അവിടെ പൗലൊസ് പ്രസംഗിച്ചത്, തിരുവെഴുത്തുകളെ പരിശോധിച്ച് ആ വചനത്തെ പൂർണജാഗ്രതയോടെ കൈക്കൊണ്ടതായി കാണാം. ഇത് മറ്റു സഭകളിൽ നിന്നും **ബെരോവ** സഭയുടെ ഗുണമായി കാണുന്നു. ഓരോരോ സഭകൾക്കും വെവ്വേറെ ഗുണങ്ങളുണ്ട്. **തെസ്സലോന്യ**സഭക്കാർ കർത്താവിന്റെ വരവിനുവേണ്ടി കാത്തിരുന്നു. ശിഷ്യന്മാർ ജീവിച്ചിരിക്കുമ്പോൾ തന്നെ കർത്താവിന്റെ രണ്ടാം വരവിനുവേണ്ടി തെസ്സലോനിക്യസഭക്കാർ ഒരുക്കത്തോടു കാത്തിരുന്നു. അതുകൊണ്ടാണ് അവർ പരസ്പരം കാണുമ്പോൾ **"മാറാനാഥാ"** എന്ന് അഭിസംബോധന ചെയ്യുന്നത്. **"മാറാനാഥാ"** എന്ന വാക്കിന്റെ അർത്ഥം, ഇതാ കർത്താവുവരുന്നു ഒരുക്കിക്കൊൾക എന്നാണ്, മക്കദോന്യസഭക്കാർക്ക് ഒരു പ്രത്യേകത ഉണ്ട്. ദൈവത്തിന് കൊടുക്കുന്ന വിഷയത്തിൽ നല്ല മാതൃകയാണ്. ഈ സഭക്കാർ വളരെ ദാരിദ്ര്യത്തിലും സാധുക്കളായി ഇരുന്നിട്ടും തങ്ങളുടെ കഷ്ടതയിൽ പ്രാപ്തിയെക്കാളും കൂടുതൽ ദൈവത്തിനു കൊടുക്കുവാൻ ആഗ്രഹമുള്ളവരാണ് മറ്റൊരു പ്രത്യേകത എന്തെന്നാൽ, ആദ്യം അവർ തങ്ങളെതന്നെ ദൈവത്തിനും പിന്നെ അവരെ നടത്തിയ ശിഷ്യന്മാർക്കും ഏല്പിച്ചശേഷമാണ് കൊടുക്കുന്നത്. ഇതുവായിക്കുന്ന എല്ലാ ജാമക്കാരൻ വായനക്കാരും, നിങ്ങളെ തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാതെ ദൈവത്തിനുള്ളത് കൊടുക്കുവാൻ പാടില്ല.

അതുപോലെതന്നെ, ഓരോരോ സഭയ്ക്കും ഓരോരോ പ്രത്യേകതകളുണ്ട്. ബെരോവാസഭക്കാർ പൗലൊസ് പറഞ്ഞതിനെ ശരിയോ എന്ന് തിരുവെഴുത്തുകളെ പരിശോധിച്ചു. ഈ വിഷയത്തിൽ നാമും വചനത്തെ താരതമ്യപ്പെടുത്തി ജാഗ്രതയുള്ളവരായിരിക്കണം. ടി.വിയിലോ, യുട്യൂബിലോ, സഭാ ആരാധനകളിലോ ആര് പ്രസംഗിച്ചാലും വചനത്തിലുണ്ടോയെന്ന് ആരാഞ്ഞു നോക്കി അവരുടെ ഉപദേശങ്ങളെ കൈക്കോള്ളുന്നത് നല്ല എന്റെ വായനക്കാർ വഞ്ചിക്കപ്പെടാതിരിക്കുവാനാണ് ഞാനിതെഴുതുന്നത്.

ഞാൻ നിങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരേയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!!!

**ഡോ. പുഷ്പരാജ്.**



## ജോലിക്ക് പോകുന്ന ഭർത്താവ് v/s കുടുംബത്തെ പരിപാലിക്കുന്ന ജോലിക്ക് പോകാത്ത ഭാര്യ

തന്റെ മകന്റെ വിവാഹത്തിൻ പെണ്ണുകാണുവാൻ പോകുമ്പോൾ ചില മാതാപിതാക്കൾ, വിവാഹശേഷം മരുമകൾ ജോലിക്കുപോകണ്ട എന്ന നിർദ്ദേശം വയ്ക്കുന്നു. ഭൂരിപക്ഷം മാതാപിതാക്കളും ജോലി ചെയ്യുന്ന പെൺകുട്ടികളെയാണ് നോക്കുന്നത്. ജോലിക്കുപോകാത്ത മരുമകൾ ഉള്ള വീടുകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ഈ വിഷയത്തിലുള്ള പെൺകുട്ടിയുടെ അഭിപ്രായം എന്തെന്നാൽ, താൻ ഇതുവരെയും കഷ്ടപ്പെട്ട് പഠിച്ചാണ് ജോലി സമ്പാദിച്ചത്. ഇതെല്ലാം വേസ്റ്റ് ആയല്ലോ എന്നു പറയും. വിവാഹശേഷം പെൺകുട്ടി ജോലിക്കുപോകണ്ടായെന്ന് പറയുമ്പോഴാണ് ഭർത്താവും ഭാര്യയും തമ്മിൽ കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉള്ള രക്ഷിക്കപ്പെടാത്തദമ്പതികൾക്ക് ഡോ. പുഷ്പരാജ് ആ ഞാൻ ഉപദേശം നൽകുന്നില്ല. രക്ഷിക്കപ്പെട്ടവരാണെങ്കിൽ, വിവാഹത്തിനുമുമ്പെതന്നെ അവർ അഭിപ്രായം ആരായും, അതുകൊണ്ട് ഇപ്പോൾ ഒരു പൊതുവായ അഭിപ്രായം ഞാൻ എഴുതുന്നു.

ഒരുദിവസം വിവാഹിതനായ ഒരു വ്യക്തി ഒരു സൈക്കോളജിസ്റ്റിനെ സന്ദർശിച്ചു. അവന്റെ മുഖഭാവത്തിൽ തന്നെ നിഗളിപ്പും അലസതയും ദൃശ്യമായിരുന്നു. അവനെ മുന്നിലിരുത്തി ഡോക്ടർ അവനോട് സംസാരിക്കുവാൻ തുടങ്ങി. അദ്ദേഹം അവനോട് സഹോദരാ, നിനക്ക് എന്താണ് ജോലി ? എന്നു അദ്ദേഹം ചോദിച്ചു. അവൻ നീരസത്തോടെ ഒരു ബാങ്കിൽ ജോലി ചെയ്യുന്നു എന്നുപറഞ്ഞു. നിങ്ങളുടെ ഭാര്യ എന്തുചെയ്യുന്നു എന്നായി അടുത്ത ചോദ്യം. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി അവൾ ജോലിക്കൊന്നും പോകുന്നില്ല, വീട്ടിൽ വെറുതെ ഇരിക്കുന്നു എന്നായിരുന്നു.

എന്നാൽ നിങ്ങളുടെ വീട്ടിൽ രാവിലെ ഭക്ഷണങ്ങൾ ഉണ്ടാക്കുന്നത് ആരാണ്? എന്നായി അടുത്ത ചോദ്യം ? അത് എന്റെ ഭാര്യ തന്നെയാണ് ഉണ്ടാക്കുന്നത്. നിങ്ങളുടെ ഭാര്യ എത്ര മണിക്ക് എണീക്കും ? ഡോക്ടർ അവനോടുചോദിച്ചു.

അതിനു അവൻ, അതിരാവിലെ അഞ്ചുമണിക്ക് എണീൽക്കും എന്നു പറഞ്ഞു. എണീറ്റ ഉടനെ വീടിന്റെ അകവും പുറവും വൃത്തിയാക്കും എന്നുപറഞ്ഞു.

ഡോക്ടർ അവനെ നോക്കി നിങ്ങളുടെ കുഞ്ഞുങ്ങളെ സ്കൂളിൽ കൊണ്ടുപോയി വിടുന്നത് ആരാണെന്ന് ചോദിച്ചു.

ഭാര്യയാണ് കുട്ടികളെ സ്കൂളിൽ കൊണ്ടുപോയി വിടുന്നത് എന്നുപറഞ്ഞു.

ആ സമയം ഞാൻ ജോലിക്കുപോകുന്നതിനായി റെഡിയാകും എന്നുഅവൻപറഞ്ഞു.

ഭാര്യ കുട്ടികളെ സ്കൂളിൽ ആക്കിയിട്ട് വന്നതിനുശേഷം എന്തുചെയ്യും എന്നുചോദിച്ചു.

കുട്ടികളെ സ്കൂളിൽ വിട്ടിട്ട് വന്നതിനുശേഷം അവൾ മാർക്കറ്റിൽ പച്ചക്കറികൾ വാങ്ങുന്നതിനുപോകും എന്നുപറഞ്ഞു.

അവൾ മാർക്കറ്റിൽ നിന്നും വന്നതിനുശേഷം തുണികൾ അലക്കും എന്നുപറഞ്ഞു.

ഡോക്ടർ ചോദിച്ചു; നിങ്ങൾ ഓഫീസിൽ നിന്നും വന്നതിനുശേഷം എന്തുചെയ്യും ?

ഞാൻ ഓഫീസിൽ പകൽ മുഴുവനും ജോലി ചെയ്തതുകൊണ്ട് വീട്ടിൽ വന്ന് വിശ്രമിക്കും എന്നുപറഞ്ഞു. നിങ്ങൾ വിശ്രമിക്കുമ്പോൾ നിങ്ങളുടെ ഭാര്യ എന്തുചെയ്യും ? എന്നു ഡോക്ടർ വീണ്ടും ചോദിച്ചു.

അവൾ കുട്ടികളെ ഹോംവർക്ക് ചെയ്യിക്കുകയും പഠിപ്പിക്കുകയും ചെയ്യും എന്ന് അവൻ പറഞ്ഞു. അതിനുശേഷം രാത്രിയിലത്തെ ആഹാരം റെഡിയാക്കും, അതിനുശേഷം മേശമേൽ ഞങ്ങൾ എല്ലാവർക്കും ആഹാരം വിളമ്പിത്തരും എന്നുപറഞ്ഞു.

അതിനുശേഷം എന്തുചെയ്യും എന്ന ചോദ്യത്തിന്, ആഹാരത്തിനുശേഷം ഞങ്ങൾ കഴിച്ച പാത്രങ്ങളെല്ലാം എടുത്ത് കഴുകി വൃത്തിയാക്കി വയ്ക്കും എന്നു പറഞ്ഞു.

അപ്പോൾ ഡോക്ടർ അദ്ദേഹത്തോടു പറഞ്ഞു: സഹോദരാ, നിങ്ങൾ ബാങ്കിൽ ജോലി ചെയ്യുന്നു. എന്നാൽ നിങ്ങളുടെ ഭാര്യ നിങ്ങളുടെ വീട്ടിൽ പ്രതിഫലം ഒന്നും ഇച്ഛിക്കാതെ രാവിലെ മുതൽ വൈകുന്നേരം വരെ തുടർച്ചയായി ജോലി ചെയ്യുന്നു. അതിന് ഒരു അഭിനന്ദനം പോലും അവൾക്ക് നല്കാതെ, നിങ്ങൾ പറയുന്നു, അവൾ വീട്ടിൽ ചുമ്മാതെ ഇരിക്കുന്നുവെന്ന്, പക്ഷെ നിങ്ങളോ പ്രശ്നത്തോടെ എന്റെ

അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ തന്നെ ആലോചിച്ച് നോക്ക്. നിങ്ങളുടെ കുടുംബത്തിലെ പ്രശ്നങ്ങൾക്കും വഴക്കിനും കാരണം നിങ്ങളാണ്. തന്റെ പ്രശ്നങ്ങൾക്ക്പരിഹാരം തേടി ഡോക്ടറുടെ അടുക്കൽ വന്ന അദ്ദേഹത്തിന് ഡോക്ടറുടെ മറുപടി ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. ആദ്യമായിട്ട്, തന്റെ ഭാര്യ ഒരു ദിവസം രാവിലെ മുതൽ വീട്ടിൽ ചെയ്യുന്ന ജോലികളെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി. കുടുംബത്തിൽ പ്രശ്നങ്ങൾക്ക് കാരണം ഭാര്യയാണെന്നു പറഞ്ഞ അദ്ദേഹം ഇപ്പോൾ ചിന്തിക്കുവാൻ തുടങ്ങി. ഇവിടെ ഭാര്യയും ഭർത്താവും തമ്മിൽ ഒരു പരസ്പര ധാരണ ഉണ്ടായിരുന്നുവെങ്കിൽ ആ വീട്ടിൽ ഒരു പ്രശ്നവും ഉണ്ടാവുകയില്ലായിരുന്നു.

സ്നേഹമുള്ളവരെ, ഞാൻ പറഞ്ഞ ഈ ഉദാഹരണം, വിദേശത്ത് കുടുംബമായി താമസിക്കുന്നവർക്ക് യോജിച്ചതല്ല. വിദേശത്തിൽ താമസിക്കുന്ന ദമ്പതികൾക്ക്, രണ്ടുപേരും ജോലിക്കുപോയാലേ അവർക്ക് ജീവിക്കുവാൻ കഴിയുകയുള്ളൂ. വീട്ടുജോലിയും അടുക്കളജോലിയും രണ്ടുപേരും ചേർന്ന് പരസ്പരധാരണയോടെ ചെയ്താലേ കുടുംബം നല്ല രീതിയിൽ മുമ്പോട്ടുപോവുകയുള്ളൂ. നമ്മുടെ നാട്ടിൽ പഴയ കാലം പോലെ അല്ല. വിദേശകുടുംബജീവിതം പോലെ പല മാറ്റങ്ങളും ഇവിടെയും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഭാര്യയും ഭർത്താവും പരസ്പരം ആശയവിനിമയം നടത്തി, പരസ്പരധാരണയോടെ ജീവിതം മുമ്പോട്ടുകൊണ്ടുപോകുകയാണെങ്കിൽ സമൂഹത്തിൽ സാക്ഷ്യമുള്ള ജീവിതം നയിക്കുവാൻ സാധിക്കും. വേദപുസ്തകം സ്ത്രീകളെ ഉത്തമസ്ത്രീകളായി വർണ്ണിക്കുന്നു. അവർ മുഖാന്തരം കുടുംബജീവിതത്തിന്റെ ഭദ്രത ഉറപ്പിക്കുവാൻ കഴിയും എന്നും വേദപുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു.


**"സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന് ഒരു കിരീടം"** (സദൃ. 12:4).

പ്രധാനമായും ഞാൻ നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുന്നത്, കുടുംബത്തിൽ ഓരോരുത്തരും ചെയ്യുന്ന പ്രവർത്തികളെ

**ONLINE BANKING (NEFT)**
**Name : M G E PUSHPARAJ**

**STATE BANK OF INDIA**
IFSC CODE - IFSC SBIN0001970 -10764116842 — **A/C No: 10764116842**
SWIFT CODE - SBININBB300 — **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)
IFSC CODE - IFSC CNRB0001219- 1219101013622. — **A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622. — **A/C No: 1219101013622.**



# രാജ്യത്തിന്റെ വെല്ലുവിളി

## ഒരു ശിഷ്യനായുള്ള വിളി

**റവ.ഡോ. തിയഡോർ വില്യംസ്**

കൈസര്യായിൽ യഹൂദന്മരല്ലാത്ത അന്യജാതിക്കാരാണ് കൂടുതലായിട്ട് ഉണ്ടായിരുന്നത്. പഴയകാല ബാൽ വിഗ്രഹത്തെ പ്രതിഷ്ഠിച്ചിരുന്ന ദേവാലയങ്ങളാണ് ഉണ്ടായിരന്നത്. ഗ്രീക്ക് ദേവന്മാരുടെ വിഗ്രഹപ്രതിഷ്ഠകളുടെ ഒരു ഗുഹയും ഉണ്ടായിരുന്നു. അവിടെ കൈസർക്കുവേണ്ടി ഒരു കോവിൽ ഉണ്ടാക്കി രാജാവിന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് അവിടെ ആരാധനയും ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു സ്ഥലത്താണ്. യേശുക്രിസ്തു തന്റെ വിശ്വാസത്തെ ഏറ്റുപറയുവാൻ പറഞ്ഞത്. പത്രോസിന്റെ ഏറ്റുപറച്ചിലിനുശേഷം യേശുക്രിസ്തു അവർക്കുമുമ്പിലായി ഒരു വലിയ വെല്ലുവിളി വയ്ക്കുന്നു. അതാണ് ക്രൂശിന്റെ വെല്ലുവിളി. യേശുക്രിസ്തു പറഞ്ഞത്, "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ. 16:24) എന്നാണ്.

യേശുക്രിസ്തുവിനെ ദൈവമായും കർത്താവായും ഏറ്റുപറയുന്നത് ക്രൂശിനെ നോക്കി രാജ്യത്തോടുള്ള വെല്ലുവിളിയാണ്. നഷ്ടപ്പെടാനും മരിക്കാനും ഉള്ള ഒരു വലിയ വെല്ലുവിളിയാണ്. അതുകൊണ്ട് ആഴമായ വിശ്വാസ ഏറ്റുപറച്ചിലിനുശേഷം തന്റെ സ്വയത്തെ വെറുക്കണം. അതാണ് വെല്ലുവിളി. സ്വയത്തെ വെറുക്കുക എന്നതിന്റെ അർത്ഥം എന്താണ് ?

ആദ്യമായി നമ്മുടെ ജീവിതത്തെ സ്വയത്തെ കേന്ദ്രമാക്കാതെ ക്രിസ്തുവിനെ കേന്ദ്രമാക്കി സ്വീകരിക്കുന്നതാണ് സ്വയത്തെ വെറുക്കുന്നതിന്റെ അർത്ഥം.

രണ്ടാമതായി, സ്വയത്തെ ക്രൂശിപ്പിച്ച് അവന്റെ ക്രൂശ് എടുത്തുംകൊണ്ട് നടക്കുന്നതാണ്. ഒരുത്തൻ ക്രൂശിൽ തറെക്കപ്പെടുവാൻവേണ്ടി തന്റെ ക്രൂശ് എടുത്തും കൊണ്ട് നടക്കുന്നു. അവൻ തന്റെ എല്ലാ സ്വകാര്യ

ആഗ്രഹങ്ങൾക്കും ലക്ഷ്യങ്ങൾക്കും വിടപറഞ്ഞു. അവൻ തന്നെത്താൻ നഷ്ടപ്പെടുത്തുവാൻ തയ്യാറായിരിക്കണം. ഇതിൽ ദൈവത്തിന്റെ വാഗ്ദത്തം എന്തെന്നാൽ, എന്റെ നിമിത്തം തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ കണ്ടെത്തും. ക്രിസ്തുവിൽ കാരണമായി നമ്മുടെ സ്വയ ഇഷ്ടത്തിനും സ്വയസ്നേഹത്തിനും നമ്മെ കേന്ദ്രമാക്കി ജീവിതത്തിൽ മരിക്കുവാൻ തയ്യാറായിരുന്നാൽ നാം സത്യത്തിൽ ജീവിക്കും. സ്വയം എപ്പോഴും നമ്മെ ഉയർത്തുവാൻ ഇഷ്ടപ്പെടും. അതുകൊണ്ട് അതിനെ ഇല്ലാതാക്കുവാനുള്ള ശരിയായ ഇടം ക്രൂശാണ്. ക്രൂശിൽ മരിക്കാത്ത സ്വയം ക്രിസ്തീയജീവിതത്തിന്റെ തോൽവികൾക്ക് കാരണമാകും. ഇതുതന്നെ, സ്വയഇഷ്ടം, സ്വയസ്നേഹം, സ്വയസ്നേഹത്തിന് അടിസ്ഥാനമിട്ട് നിഗളം, കോപം, വെറുപ്പ് തുടങ്ങിയ ദുസ്വഭാവങ്ങളാൽ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം.

മൂന്നാമതായി, സ്വയത്തെ അംഗീകരിക്കുവാനുള്ള വിളി, യേശു പറഞ്ഞു എന്നെ അനുഗമിപ്പിൻ എന്ന്. ഇതിന്റെ അർത്ഥം. യേശുവിന്റെ നേതൃത്വത്തെ അംഗീകരിച്ച് അവനോട് അനുസരണ കാണിക്കുന്നതാണ്. ഇത് നമ്മുടെ നിരന്തര ജീവിതരീതിയായി മാറണം.

**ബന്ധപ്പെടൽ**

കോവിഡ്-19 ലോകത്തെ മുഴുവനും മാറ്റി. കമ്പ്യൂട്ടർ ഇന്റർനെറ്റ് വർദ്ധിക്കുവാൻ തുടങ്ങി. ഇതുകൊണ്ട് ലോകത്തിൽ നടക്കുന്ന സംഭവങ്ങളെ വീട്ടിലിരുന്ന് കാണുന്നതിനുള്ള അവസരം കിട്ടി. കളിക്കാൻ അനേകം വിഷയങ്ങളും സമയം പോക്കാൻ ഒത്തിരി കാര്യങ്ങളും മൊബൈൽ വഴി ലഭിക്കുവാൻ തുടങ്ങി. കുഞ്ഞുങ്ങൾക്കും യുവാക്കൾക്കും സോഷ്യൽ മീഡിയ എങ്ങനെ ഉപയോഗിക്കണം എന്നു പഠിപ്പിക്കണം. നെറ്റ് വഴി കാണുന്നവർക്ക് തങ്ങളുടെ സാഹചര്യങ്ങളെ മനസ്സിലാക്കി അതിരുകൾ വച്ച് ഉപയോഗിക്കുവാൻ പഠിപ്പിക്കണം. മൊബൈൽ ഉപയോഗിക്കുവാൻ തുടങ്ങിയ യുവജനങ്ങൾ മനുഷ്യരെ ബഹുമാനിക്കുന്നില്ല. ഈ വിഷയത്തിൽ അവരെ പഠിപ്പിക്കണം. അതിനുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം.

**അഭയാർത്ഥികൾ**

തൽക്കാല സാഹചര്യത്തിൽ, ആഭ്യന്തരയുദ്ധങ്ങൾ, സർവ്വദേശ

യുദ്ധങ്ങൾ, വെള്ളം, ആഹാരം കാരണമായി ലോകത്തിൽ വർദ്ധിക്കുന്ന അഭയാർത്ഥികളുടെ കൂട്ടം ഇവർക്ക് ദൈനംദിനജീവിതത്തിന് വഴിതുറക്കുവാൻ വേണ്ടി പ്രാർത്ഥിക്കണം. തൊഴിലവസരങ്ങൾ ഉണ്ടാക്കി. സ്ത്രീകൾ, കുഞ്ഞുങ്ങൾ, മുതിർന്നവർ ഇവരുടെ സംരക്ഷണത്തിനുവേണ്ടി മുൻകൈയ്യെടുക്കുവാനും വേണ്ടി നാം പ്രാർത്ഥിക്കണം.

**സഭകൾ**

ക്രിസ്തുവിന്റെ ശരീരമായ സഭകൾക്കുവേണ്ടി ദൈവത്തിനു നന്ദി പറയണം. സഭകളുടെ കരങ്ങളിലാണ് ദൈവത്തിന്റെ അവസാന കല്പനകൾ ഉള്ളത്. ഈ അവസാന നാളുകളിൽ സഭകൾ സേവനങ്ങളെ കേന്ദ്രമാക്കിക്കൊണ്ട് ക്രിസ്തുവിനെ സാക്ഷ്യമായി നിൽക്കുവാനും തെറ്റായ, ആരോഗ്യമല്ലാത്ത ഉപദേശങ്ങൾക്കെതിരെ ധൈര്യമായി നിൽക്കുവാനും നാം പ്രാർത്ഥിക്കണം. പാസ്റ്റർമാർ, മൂപ്പന്മാർ സഭയെ നേരോടും സത്യത്തോടും സഭാജനങ്ങളായ ആടുകളെ നയിക്കുവാനും ദൈവവേലയോടുള്ള ദർശനം അവരുടെ അടയാളമായിരിക്കണം. അതിനുവേണ്ടിയും പ്രാർത്ഥിക്കണം.

**സഭയോട് ബന്ധപ്പെട്ട സ്ഥാപനങ്ങൾ**

മിഷണറി സ്ഥാപനങ്ങളും അതോടൊപ്പം ചേർന്ന് മറ്റു സ്ഥാപനങ്ങളും ചില വർഷങ്ങളായി വർദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ യുള്ള സംഘടനകളുടെ വളർച്ചയും ദൈവവേലയെക്കുറിച്ചുള്ള ബോധ വൽക്കരണവും സഭകളിൽ വർദ്ധിച്ചിട്ടുണ്ട്. ഇവർ സുവിശേഷം അറിയി ക്കുവാൻ പുതിയ മാർഗ്ഗങ്ങളെ കണ്ടുപിടിക്കണം. പ്രാദേശിക സഭകളു മായി ബന്ധം പുലർത്തണം. അധികാരസ്ഥാപനങ്ങൾ ഒഴിവാക്കി വചനത്തെ അനുഗമിക്കുന്ന നേതാക്കളാൽ സഭകൾ നടത്തപ്പെടുവാൻ പ്രാർത്ഥിക്കണം.

**നമ്മുടെ ഓട്ടം**

അവസാനനാളുകളിൽ ജീവിക്കുന്ന നാം പല പുതിയ ഉപദേശങ്ങളെയും പല പുതിയ മതങ്ങളെയും അഭിമുഖീകരിക്കുന്നു. ഇതിനിടയിൽ തങ്ങളുടെ കുടുംബങ്ങൾ, സഭകൾ, മിഷൻ വയൽ പ്രദേശത്തുള്ള വിശ്വാസികൾ കർത്താവിന്റെ രണ്ടാവരവിന് ശ്രദ്ധകൊടുത്ത് ശാന്തതയോടും പ്രത്യാശയോടും ഓട്ടം ഓടി അവസാനിപ്പിക്കുവാൻ വേണ്ടി പ്രാർത്ഥിക്കണം.

# കഴുത സംസാരിച്ച അന്യഭാഷ



**(സംഖ്യ. 22:28)**

പണത്തിന്റെ ആർത്തികൊണ്ട് കള്ളപ്രവചനം പറയുന്ന ഇന്നത്തെ കള്ള പ്രവാചകരെപ്പോലെ പഴയനിയമകാലത്തു ഒരു പ്രവാചകൻ ഉണ്ടായിരുന്നു. ദൈവത്തിന് ഇഷ്ടമില്ലാത്തവേലയ്ക്കുവേണ്ടി കഴുതപ്പുറത്തുകയറി യാത്ര ചെയ്തപ്പോഴാണ് പരിശുദ്ധാത്മാവ് ഇടപെട്ട് കഴുതയുടെ വായ് തുറന്ന് സംസാരിപ്പിച്ചത്. ആ വാക്കുകൾ ബിലെയാം ഉപയോഗിക്കുന്ന എബ്രായ ഭാഷയിലായിരുന്നു. അതുകൊണ്ട് പ്രവാചകനും കഴുതയോട് എബ്രായ ഭാഷയിൽ മറുപടി പറയുന്ന സംഭാഷണങ്ങളെ വായിക്കുന്നു. അവരവർക്കു മനസ്സിലാക്കുന്ന ഭാഷയിൽ കഴുതയിൽ കൂടി സംസാരിക്കുമ്പോൾ, നമ്മുടെ പെന്തക്കോസ്തു സഭാവിശ്വാസികൾ പരിശുദ്ധാത്മാവ് നിറഞ്ഞു സംസാരിക്കുന്നു എന്നു പറഞ്ഞുകൊണ്ട്, വായ് കൊണ്ടു സംസാരിക്കുന്ന ഭാഷ ആർക്കെങ്കിലും മനസ്സിലാകുന്നുണ്ടോ ? പാസ്റ്റർ സംസാരിക്കുന്ന ഭാഷ നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ ? ചിന്തിച്ചു നോക്കുവിൻ ഞാൻ എഴുതുന്നത് നിങ്ങൾക്കു മനസ്സിലാകാതെ പോയാൽ ആ കഴുത സംസാരിച്ച ഭാഷയോട് നിങ്ങളുടെ ഭാഷയെ താരതമ്യപ്പെടുത്തി മനസ്സിലാക്കുവിൻ.

**വേദപുസ്തകത്തിൽ മൂന്നു സ്ഥലത്തുമാത്രം അന്യഭാഷ**

1. ആദ്യത്തെ സ്ഥലം : അപ്പൊ. 2:4.

ഒരേ വായിൽ നിന്ന് പല ഭാഷകൾ വെളിപ്പെട്ടു. അവിടെ ഉണ്ടായിരുന്ന ഓരോ ഭാഷക്കാർക്കും ആ ഭാഷയുടെ അർത്ഥം മനസ്സിലായി. അതതു ഭാഷകൾ സംസാരിക്കുന്നവർ അവിടെ ഉണ്ടായിരുന്നു.

2. രണ്ടാമത്തെ സ്ഥലം : അപ്പൊ. 10:45

കൊർന്നെല്ല്യോസ് എന്ന അന്യജാതിക്കാരന്റെ ഭവനത്തിൽ കൂടിയ പുറംജാതിക്കാർ പല ഭാഷകളിൽ ദൈവത്തെ പുകഴ്ത്തി. മിശിഹയായ യേശുക്രിസ്തു യഹൂദജനങ്ങൾക്കു മാത്രമുള്ളതാണ് എന്ന് തെറ്റിദ്ധരിച്ച പത്രൊസിനും മറ്റുള്ളവർക്കും ഈ സംഭവം യേശുക്രിസ്തു പുറംജാതികൾക്കുവേണ്ടിയും രക്തം ചീന്തി എന്നു മനസ്സിലാക്കുവാനും പരിശുദ്ധാത്മാവിന്റെ നിറവ് എല്ലാ ജാതിവർഗ്ഗങ്ങൾക്കും വേണ്ടിയുള്ളത് എന്ന് മനസ്സിലാക്കുവാനും പരിശുദ്ധാത്മാവ് കൊർന്നെല്ല്യോസിന്റെ വീട്ടിൽ ഉണ്ടായിരുന്ന എല്ലാവർക്കും അവരവരുടെ ഭാഷകളിൽ ദൈവത്തെ പുകഴ്ത്തുവാനും ഉള്ള അവസരം ഉണ്ടാക്കി. ഇവർ സംസാരിച്ച ഭാഷയിൽ ദൈവത്തിന്റെ മഹത്വത്തെ പുകഴ്ത്തിയത് ശ്രദ്ധിപ്പിൻ. ആ പുകഴ്ചയിൽ അവരവരുടെ ഭാഷയിൽ അർത്ഥം ഉണ്ടായിരുന്നു.

3. മൂന്നാമത്തെ സ്ഥലം : അപ്പൊ. 19:6

എഫെസൊസ് പട്ടണത്തിൽ വിഗ്രഹാരാധന നടത്തിയിരുന്ന ജാതികളിൽ ചിലർ മാനസാന്തരപ്പെട്ട് വിഗ്രഹാരാധനയെ ഉപേക്ഷിച്ച് യോഹന്നാൻ സ്നാപകൻ കൊടുത്ത സ്നാനം സ്വീകരിച്ച് അവന്റെ ശിഷ്യന്മാരായി ഇരുന്നു. പരിശുദ്ധാത്മാവിന്റെ നിറവ് യഹൂദന്മാർക്കു മാത്രമല്ല, യേശുവിനെ രക്ഷകനായി സ്വീകരിച്ച ജാതികൾക്കും ഉണ്ട് എന്നു മനസ്സിലാക്കുവാൻ വേണ്ടി അവർക്ക് പിതാ-പുത്ര-പരിശുദ്ധാത്മാവിനെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് പ്രസംഗിച്ച് അവരുടെ മേൽ കൈ വച്ചപ്പോൾ പരിശുദ്ധാത്മാവിന്റെ നിറവ് അവരുടെ മേൽ ഉണ്ടായി അതിനെ ഉറപ്പാക്കുന്ന വിധത്തിൽ അവർ അന്യഭാഷയിൽ സംസാരിച്ച് പ്രവചിച്ചു. പ്രവചനം എന്നാൽ കർത്താവിന്റെ വാർത്ത ആകുന്നു. ആ വാക്കിന് അർത്ഥം ഉണ്ട്. അവർ സംസാരിച്ചത് മനസ്സിലാവാത്ത ശബ്ദമോ ഭാഷയോ അല്ല എന്നത് വായനക്കാർ മനസ്സിലാക്കേണ്ടത് വളരെ ആവശ്യമാണ്. അതുകൊണ്ട് ഭാഷ എന്ന പേരിൽ ആരും മനസ്സിലാക്കാത്ത ഭാഷയിൽ സംസാരിച്ചും പ്രാർത്ഥിച്ചും നിങ്ങളുടെ വിലപ്പെട്ട ആരാധനാസമയത്തെ നഷ്ടമാക്കരുത്.


**വ്യക്തമാകണം**

കഴുതയെ പോലും വ്യക്തമായി നമ്മുടെ ഭാഷയിൽ സംസാരിപ്പിച്ച പരിശുദ്ധാത്മാവ് നിങ്ങളെയും മറ്റുള്ളവർക്കു മനസ്സിലാകുന്ന ഭാഷകളാൽ സംസാരിക്കുവാൻ പ്രാപ്തിയുള്ളവരാക്കുകയില്ലേ ? ചിലർ വിചാരിക്കുന്നത്, മറ്റുള്ളവർ സഭയിലെ ഭാഷയിൽ സംസാരിക്കുമ്പോൾ നാമും അങ്ങനെ സംസാരിക്കാതെ പോയാൽ, നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവ് ഇല്ലായെന്ന് വിചാരിക്കുമോ, അതിനെ ഭയന്ന് അന്യഭാഷ പോലെ വായ കുഴപ്പിച്ച് സംസാരിച്ച് അഭിനയിക്കുന്നു. സംസാരിക്കുന്ന ഭാഷ വ്യാജമായാൽ നിങ്ങളുടെ പ്രാർത്ഥനയും വ്യാജമാകും, നിങ്ങളുടെ ആത്മീയജീവിതവും വ്യാജമായിപ്പോകും. അതുകൊണ്ട് പരിശുദ്ധാത്മാവിനു വിരോധമായി കാപട്യം കാണിക്കാത്തവരായി ഇരിക്കണം. ജാഗ്രതൈ!!! അങ്ങനെ ആരെങ്കിലും തെളിവില്ലാത്ത അന്യഭാഷയിൽ സംസാരിച്ചാൽ ഇഹലോകത്തിലും പരലോകത്തിലും ക്ഷമിക്കപ്പെടാത്ത പാപം ചെയ്തവർ ആകും. 1 കൊരി. 14:9–1 വരെയുള്ള വചനങ്ങളെ ശ്രദ്ധയോടെ വായിപ്പിൻ.

(അന്യഭാഷാകുഴപ്പം എന്ന തലക്കെട്ടിൽ ഞാൻ എഴുതിയ ലേഖനത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.)

# ചരമ അറിയിപ്പ്

## Rt.Rev. A. ജേക്കബ് ലിവിംഗ്സ്റ്റൺ



ഈറോഡ്–സേലം ബിഷപ്പ് Rt.Rev. A. ജേക്കബ് ലിവിംഗ്സ്റ്റൺ അവർകൾ 14–02–2026–ന് മരണമടഞ്ഞു. വേർപാട് ദുഃഖത്തിലായിരിക്കുന്ന ബിഷപ്പിന്റെ കുടുംബത്തിനും ഡയോസിസ് ഭാരവാഹികൾക്കും എല്ലാ പട്ടക്കാർക്കും ഡയോസിസിലുള്ള എല്ലാ വിശ്വാസികൾക്കും ജാമക്കാരന്റെ പേരിൽ അനുശോചനം അറിയിക്കുന്നു.

## Rt.Rev.Dr. പ്രഭു ദുരൈസാമി



C.N.I. Bombay Diocese Bishop
**Dr. Rev. Prabhu Duraisamy,** B.D., D.Min.,

മുംബൈ സി.എൻ.ഐ ഡയോസിസിന് തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പ് Rt.Rev.Dr. **പ്രഭു ദുരൈസാമി** ബി.ഡി, ഡി.എം.ഐ.എൻ. അവർകളെ അഭിനന്ദിക്കുന്നു. മുംബൈയിൽ താമസിക്കുന്ന ജാമക്കാരൻ വായനക്കാർക്ക് ഇത് സന്തോഷവാർത്ത എന്നു ഞാൻ വിശ്വസിക്കുന്നു. ആദ്യമായി മുംബൈ ഡയോസിസിന് തമിഴ് അച്ചൻ ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ബിഷപ്പിന് എന്റെ പേരിലും മുംബൈ വാസികളായ എന്റെ ജാമക്കാരൻ വായനക്കാരുടെ പേരിലും എല്ലാവിധ ആശംസകളും അറിയിക്കുന്നു.

**MAY -2025**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.